(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ സഞ്ചിത നഷ്ടം ഒടുവിലത്തെ ബാക്കിപത്രപ്രകാരം 23116.13 ലക്ഷം രൂപയാണ്.

(ഡി) ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, ബാങ്ക് വായ്പ എന്നിവ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. ഗവൺമെന്റ് വായ്പാ ഇനത്തിൽ 1937.27 ലക്ഷം രൂപയുടെ കുടിശ്ശികയുണ്ട്.

സഹകരണ സംഘങ്ങൾ നൽകുന്ന വായ്പയുടെ പരിധി

*15 [618] *ശ്രീ. എ. കെ. മണി:*
,, *കെ. ബാബു:*
,, *കെ. എ. ചന്ദ്രൻ:*
,, *ജി. പ്രതാപവർമ്മ തമ്പാൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽനിന്നും കാർഷിക വായ്പ നൽകുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ അവയ്ക്കു നൽകിയിട്ടുണ്ടോ;

(ബി) ഒരു വർഷം സഹകരണ സംഘങ്ങൾ നൽകുന്ന ആകെ വായ്പയുടെ ചുരുങ്ങിയത് എത്ര ശതമാനമാണ് കർഷകർക്ക് നൽകേണ്ടത്;

(സി) ഈ ചുരുങ്ങിയ പരിധി നിർണ്ണയിച്ചത് എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്;

(ഡി) പ്രസ്തുത പരിധി ഉയർത്തുവാൻ നടപടിയെടുക്കുമോ; ഓരോ മൂന്നാം മാസത്തിലും അതുവരെ നൽകിയിട്ടുള്ള വായ്പയിൽ കർഷകർക്കു നൽകിയ വായ്പ ഈ ചുരുങ്ങിയ പരിധിയിൽ കുറയാതെയിരിക്കുവാൻ ശ്രദ്ധിക്കണമെന്നുകൂടി സഹകരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ):*

(എ) ഉണ്ട്.

(ബി) എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 25%-ൽ കുറയാത്ത തുക കാർഷിക വായ്പകളായി നിർബന്ധമായും വിതരണം ചെയ്യണമെന്ന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഓരോ വർഷവും അംഗങ്ങൾക്കു നൽകേണ്ട വായ്പയുടെ അളവ് നിശ്ചയിക്കുന്നത് അതാതുജില്ലകളിലെ ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന വായ്പാതോതും സംഘത്തിന്റെ ക്രെഡിറ്റ് ലിമിറ്റും പരിഗണിച്ചാണ്. സംസ്ഥാനത്തെ പ്രാഥമിക വായ്പാമേഖല മുഖാന്തിരം നൽകുന്ന വായ്പ കുറഞ്ഞുവരുന്ന സാഹചര്യത്തിലാണ് ഓരോ സംഘവും 25% -ൽ കുറയാത്ത തുക കാർഷിക വായ്പകളായി നൽകണമെന്ന് നിഷ്ക്കർഷിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിലുള്ള നിർദ്ദേശങ്ങൾ പ്രകാരം വായ്പ നൽകുന്നതിലുള്ള പുരോഗതി വിലയിരുത്തിയതിനുശേഷം ആവശ്യമാണെങ്കിൽ പരിധി ഉയർത്താൻ നടപടി സ്വീകരിക്കുന്നതാണ്.

സഹകരണ യൂണിയനിലേക്കുള്ള നിയമനം പി. എസ്. സി.- ക്ക് വിടാൻ നടപടി

*16 [619] *ശ്രീ. എ. കെ. ബാലൻ:*
,, *ടി. കെ. ബാലൻ:*
,, *പി. സി. ജോർജ്:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ യൂണിയനിൽ ഏതാനും തസ്തികകളിലേക്ക് പുതുതായി നിയമനം നടത്തിയതിൽ ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം തസ്തികകളിൽ എത്രപേരെ വീതം നിയമിച്ചത് സംബന്ധിച്ചാണ് ക്രമക്കേടുകൾ ആക്ഷേപിക്കപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാന സഹകരണ യൂണിയനിലേക്കുള്ള നിയമനം പി. എസ്. സി.-ക്ക് വിടാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ഡി) സംസ്ഥാന സഹകരണ യൂണിയനിലെ നിയമനം സംബന്ധിച്ച് വ്യവസ്ഥകൾ വിശദമാക്കുമോ;

(ഇ) ഇപ്പോൾ നിയമനം നടത്തുന്നതിന് റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ ഏത് ഏജൻസിയെയായിരുന്നു ചുമതലപ്പെടുത്തിയിരുന്നതെന്ന് വിശദമാക്കാമോ; ഏതെല്ലാം തസ്തികളിൽ ആരെയെല്ലാം ഇതിനകം നിയമിക്കുകയുണ്ടായെന്ന് വിശദമാക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ):*

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇത് സഹകരണ സ്ഥാപനമല്ല. സഹകരണ വിദ്യാഭ്യാസ സ്ഥാപനമാണ്. സംസ്ഥാനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന നിരവധി സഹകരണ സംഘങ്ങളുടെ നിയമനവും പി. എസ്. സി.-ക്ക് വിട്ടിട്ടില്ല.

(ഡി) ഉദ്യോഗാർത്ഥിക്ക് അപേക്ഷ ക്ഷണിക്കുന്ന വർഷത്തിലെ ജൂലായ് മാസം 18 വയസ്സ് തികഞ്ഞിരിക്കുകയും 37 വയസ്സ് തികയാതിരിക്കുകയും ചെയ്യണം. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃതമുള്ള വയസ്സിളവ് ലഭിക്കുന്നതാണ്. പ്രചുരപ്രചാരമുള്ള രണ്ട് ദിനപത്രങ്ങളിലും യൂണിയൻ പ്രസിദ്ധീകരണമായ കേരള സഹകരണ ജേർണലിലും പരസ്യപ്പെടുത്തി അപേക്ഷ ക്ഷണിച്ച് നിയമപ്രകാരം എഴുത്തു പരീക്ഷയും

LIBRARY ARCHIVES Kerala Legislative Assembly